

ഔപചാരിക വിദ്യാഭ്യാസമില്ലെങ്കിലും ശാസ്ത്രപ്രതിഭയാകാം. ചുറ്റുവട്ടനിരീക്ഷണവും പ്രകൃതിയെന്ന സർവവിജ്ഞാനകോശത്തെ അടുത്തറിയാൻ ശ്രമിക്കുകയും ചെയ്താൽ മതി. തേഡ് ഫോറം വരെ പഠിച്ച് ലക്ഷദ്വീപിലെ മിനിക്കോയിയിൽനിന്ന് സമുദ്ര വിജ്ഞാനത്തിൻെറ അതിരുകൾ അതിലംഘിച്ച അലി മണിക്ഫാൻ സംസാരിക്കുന്നു

സമുദ്ര ഗുരു

ടി.കെ. ബാലനാരായണൻ

ഈ വിദ്യാഭ്യാസരീതിയോട് യോജിക്കുന്നില്ല

നമ്മൾ പിന്തുടരുന്ന വിദ്യാഭ്യാസരീതി സ്വതന്ത്രചിന്തയെ ഇല്ലാതാക്കുമെന്ന് പന്ത്രണ്ടാം വയസ്സിൽ തിരിച്ചറിഞ്ഞിരുന്നു. ''ഇന്നത്തെ കുട്ടികൾക്ക് എവിടെയാണ് അവരുടെ ചിന്തയ്ക്കനുസരിച്ച് ആശയങ്ങൾ രൂപപ്പെടുത്താൻ സാധിക്കുക. അവരോട് പഠിക്കൂ കൂടുതൽ മാർക്ക് വാങ്ങിക്കൂവെന്നല്ലേ എല്ലാവരും പറയുന്നത്. വീട്ടിലായാലും സ്കൂളിലായാലും ഇതാണവസ്ഥ. അതുകൊണ്ടാണ് ഞാൻ ഔപചാരിക വിദ്യാഭ്യാസം വേണ്ടെന്നു വെച്ചത്'' മണിക്ഫാൻ പറഞ്ഞു തുടങ്ങി. വിദ്യാർഥികളെ അറിവിൻെറ ലോകത്തേക്ക് സ്വതന്ത്രമായി വിടണം. ഒരു കാര്യം പഠിക്കാൻ മനസ്സുണ്ടെങ്കിൽ എന്തും പഠിച്ചെടുക്കാം. സ്കൂൾ വിദ്യാഭ്യാസകാലത്ത് കുട്ടികൾക്ക് താത്പര്യമില്ലാത്ത കാര്യങ്ങൾ പഠിച്ച് സമയം നഷ്ടപ്പെടുത്തുകയാണെന്ന് അദ്ദേഹം പറയുന്നു. ''കുട്ടികൾക്ക് അവരുടെ കുട്ടിക്കാലം പിന്നിട്ടുപോയാൽ പിന്നെ തീവ്രമായ ജിജ്ഞാസ ജീവിതത്തിലൊരിക്കലും ഉണ്ടാവില്ല. അതുകൊണ്ട് ചെറുപ്പത്തിലേ അവർക്ക് താത്പര്യമുള്ളതും സമൂഹത്തിന് ഗുണപരവുമായ മേഖലകളിലേക്ക് തിരിച്ചുവിടാൻ വിദ്യാഭ്യാസംകൊണ്ട് സാധിക്കണം. അല്ലെങ്കിൽ എല്ലാം പാഴായിപ്പോകും''.

കലണ്ടറിൽ ഏകീകരണം വേണം

''ലോകം മുഴുവൻ ഏകീകരിച്ച ഒരു ഹിജ്റ കലണ്ടർ ഏറെ പഠനത്തിന് ശേഷം ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ, ഇതംഗീകരിക്കാൻ പലരും തയ്യാറാകുന്നില്ല. ഒമാനിൽ ഒരു ദിവസം പെരുന്നാളാണെങ്കിൽ മറ്റൊരു ദിവസം സൗദി അറേബ്യയിലും രണ്ടുമല്ലാത്ത ഒരു ദിവസം ഇന്ത്യയിലും ഈ തീയതികളൊന്നുമല്ലാത്ത ഒരു നാൾ ലക്ഷദ്വീപിലും പെരുന്നാൾ ആഘോഷിക്കുന്ന സാഹചര്യമുണ്ടാകുന്നു''

ഇത് ശരിയല്ലെന്നും ഇത്തരം രീതിക്ക് മാറ്റം വരണമെന്നുമുള്ള ഉദ്ദേശ്യത്തിലാണ് പെരുന്നാൾ ലോകംമുഴുവൻ ഒരു ദിവസമാക്കണമെന്ന് പറയുന്നത്. ''ജ്യോതിശാസ്ത്രവും ജ്യോതിഷവും ഒന്നാണെന്നാണ് പലരുടെയും ധാരണ. അതിനാലാണ് പലരും തൻെറ കലണ്ടർ അംഗീകരിക്കാത്തത്. ഇത് രണ്ടും വ്യത്യസ്തമായ അറിവിൻെറ ശാഖകളാണെന്ന് എത്രപറഞ്ഞിട്ടും പലർക്കും മനസ്സിലാകുന്നില്ല.

സത്യം പറഞ്ഞാൽ കൊന്നുകളയുമെന്ന് പറയുന്ന ആൾക്കാരാണിവിടെ. നാലുവർഷം മുമ്പ് തനിക്കെതിരേ കോഴിക്കോട്ടുവെച്ച് വധഭീഷണിവരെ ഉണ്ടായി. അധികം പറഞ്ഞാൽ കൊന്നുകളയുമെന്നാണ് ഭീഷണി. ഇന്ത്യയിൽ വ്യത്യസ്തദിവസങ്ങളിൽ പെരുന്നാളാകുന്നത് ഏകീകരിച്ച കലണ്ടർ ഇല്ലാത്തതുകൊണ്ടാണ്. ഇന്ത്യക്ക് സ്വാതന്ത്ര്യംകിട്ടിയ കാര്യം ലക്ഷദ്വീപുകാർ മൂന്നുമാസം കഴിഞ്ഞാണറിഞ്ഞത്. അന്ന് ആശയവിനിമയോപാധികൾ ഇന്നത്തെ പോലെ ആയിരുന്നില്ല. എന്നാൽ, ഇന്ന് അങ്ങനെയല്ല. എന്ത് കാര്യങ്ങളും മനസ്സിലാക്കാനും അറിയാനുമുള്ള ശാസ്ത്രീയ മാർഗങ്ങളുണ്ട്.

പഠിച്ചത് ദ്വീപിലെ പരിമിതികളിൽ നിന്ന്

''വായിക്കാനുള്ള പുസ്തകങ്ങൾ മിനിക്കോയിയിലെ ലൈറ്റ് ഹൗസ് ലൈബ്രറിയിൽനിന്നാണ് ലഭിച്ചത്. ദ്വീപിൽ മറ്റെവിടെയും പുസ്തകങ്ങളും മാസികകളും ഒന്നും ലഭിക്കാറില്ല. അത്തരം സൗകര്യങ്ങൾ വേണമെന്ന് ആർക്കും അന്ന് ചിന്തയുമുണ്ടായില്ല. വീട്ടുകാർക്കാണെങ്കിൽ വായന താത്പര്യമുള്ളവരോ വായന അറിവുള്ളവരോ ഉണ്ടായിരുന്നുമില്ല. ലൈറ്റ് ഹൗസിൽ ഉള്ളവരാണ് തനിക്ക് പുസ്തകങ്ങൾ വായിക്കാൻ തരാറുണ്ടായിരുന്നത്. അവിടെ ജോലിയിലിരിക്കെയാണ് ഒരു ഫ്രഞ്ച് കപ്പലെത്തിയത്. അവർ കപ്പലിലുണ്ടായിരുന്ന കുറേ മാസികകൾ എനിക്കു തന്നു. അവ ഇംഗ്ലീഷാണെന്ന് പെട്ടെന്ന് തോന്നുമെങ്കിലും വായിക്കാൻ കഴിയുന്നില്ല. പിന്നീട് ലൈറ്റ് ഹൗസിലെ സഹപ്രവർത്തകരാണ് അവയെല്ലാം ഫ്രഞ്ച് മാസികകളാണെന്ന് പറഞ്ഞത്. ഇതോടെയാണ് ഫ്രഞ്ച് പഠിക്കാനുള്ള ആഗ്രഹമുണ്ടായത്. അങ്ങനെ ലോകഭാഷകളിലേക്കുള്ള പഠനതാത്പര്യവുമുണ്ടായി.''

കുട്ടിക്കാലവും മീനുകളും

''കുട്ടിക്കാലത്ത് ഉപ്പുവെള്ളത്തിലും ശുദ്ധജലത്തിലും ജീവിക്കുന്ന മത്സ്യങ്ങളെ തിരിച്ചറിയാൻ സാധിച്ചിരുന്നു. അക്കാലത്ത് മീനുകളെ രണ്ടുതരം വെള്ളത്തിലും പിടിച്ചിടാറുണ്ട്. ചിലത് ചത്തുപോകും. ചിലത് ജീവിക്കും. ചിറക്, അവയുടെ നിറം, ചിറകിലെ മുള്ളുകൾ, അവയുടെ എണ്ണം എന്നിവ കൗതുകത്തിന് നോക്കി മനസ്സിലാക്കാറുണ്ട്. പല സമുദ്രശാസ്ത്രജ്ഞരും മത്സ്യങ്ങളുടെ വ്യത്യസ്ത വർഗങ്ങളെ തിരിച്ചറിയാൻ പ്രയാസപ്പെടുന്നത് കാണാറുണ്ട്. അത്തരം ഘട്ടത്തിൽ ചിലർ തൻെറ സഹായം തേടുമാ

യിരുന്നു.'' മണിക്ഫാൻെറ കഴിവുകളെ തിരിച്ചറിഞ്ഞ സെൻട്രൽ മറൈൻ ഫിഷറീസ് ഡയറക്ടർ ഡോ.എസ്. ജോൺസ് കേന്ദ്ര ഫിഷറീസ് വകുപ്പിലേക്ക് അദ്ദേഹത്തെ ശുപാർശ ചെയ്യുകയാണുണ്ടായത്. 1960 മുതൽ 1980 വരെ അവിടെ ജീവനക്കാരനായി. അദ്ദേഹം വിരമിച്ചതോടെ മണിക്ഫാനും ആ ഓഫിസിൻെറ പടിയിറങ്ങി. 400 മത്സ്യഇനങ്ങളെ തിരിച്ചറിയാൻ കഴിയുമായിരുന്നു മണിക്ഫാന്.

അദ്ദേഹം തിരിച്ചറിഞ്ഞ പുതിയ ഒരിനം മത്സ്യത്തിന് സെൻട്രൽ മറൈൻ വകുപ്പ് 'അബു ദഫ് ദഫ് മണിക് ഫാനി' എന്ന് നാമകരണം ചെയ്തു. ഫിഷറീസ് വകുപ്പിൽനിന്ന് വിരമിച്ച ശേഷം തമിഴ്നാട്ടിൽ വേതാളൈ എന്ന സ്ഥലത്ത് കടൽക്കരയിൽ മൂന്ന് ഏക്കർ ഭൂമി വാങ്ങി. ഇവിടെ കടൽക്കരയിൽ കാറ്റ് കൂടിയതിനാൽ കാറ്റാടിയന്ത്രം ഉപയോഗിച്ച് വൈദ്യുതി ഉത്പാദിപ്പിച്ചു. വീട്ടുപയോഗത്തിനുള്ള വൈദ്യുതിയും ഇതിൽനിന്നാണ് ലഭിച്ചത്.

കല്ലിൻെറ നങ്കൂരത്തിന് കാലനിർണയം

സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിൽ ജോലി ചെയ്തിരുന്ന കാലത്ത് മിനിക്കോയ് ദ്വീപിൽനിന്ന് കല്ലിൻെറ നങ്കൂരം ലഭിച്ചു.

ഫിഷറീസ് വകുപ്പ് ഏറെ സമുദ്രഖനനം നടത്തിക്കൊണ്ടിരുന്ന കാലമായിരുന്നു അത്. ഇപ്പോൾ മറൈൻ ആർക്കിയോളജി വകുപ്പിൻെറ ശേഖരത്തിലുള്ള ഈ കല്ല് ഇരുമ്പ് കണ്ടുപിടിക്കുന്നതിനുമുമ്പ് പായക്കപ്പലിൻെറ നങ്കൂരമായി ഉപയോഗിച്ചതാണെന്ന് മണിക്ഫാൻ കണ്ടെത്തി. ഏകദേശം ബി.സി. മൂവായിരം വർഷങ്ങൾക്കുമുമ്പുള്ളതാണ് ഈ കല്ലെന്ന് കാലനിർണയം നടത്താൻ അദ്ദേഹത്തിന് സാധിച്ചു. ജർമൻകാരിയായ എലൻ കാർട്ണർ ആണ് ഇത്തരമൊരു കല്ലിനെക്കുറിച്ച് മണിക്ഫാൻെറ ശ്രദ്ധയിൽപ്പെടുത്തിയത്. അവർ മഹൽ ഭാഷ പഠിക്കാൻവേണ്ടി ദ്വീപിൽ എത്തിയതായിരുന്നു. മിനിക്കോയിയിലെ ജുമഅത്ത് പള്ളിയുടെ നിർമാണത്തിനിടയിലാണ് ഈ കല്ല് നാട്ടുകാരുടെ ശ്രദ്ധയിൽപ്പെട്ടത്. ഇത് എന്താണെന്ന് ദ്വീപുകാർക്ക് ആർക്കും മനസ്സിലായില്ല.

ഇത്തരം കല്ലുകളെക്കുറിച്ച് ഗവേഷണം നടത്തുന്ന ഇറ്റലിക്കാരനായ ജെറാർഡ് ക്യാപ്റ്റൻ എന്ന ഗവേഷകന് കത്തെഴുതി. കല്ലിൻെറ വിശദമായ വിവരണവും കത്തിൽ എഴുതിയിരുന്നു.

ഈ കത്ത് ലഭിച്ച അദ്ദേഹം ഈ കല്ലിനെപ്പറ്റി ഇറ്റലിയിലെ ഒരു പ്രസിദ്ധീകരണത്തിൽ ലേഖനം എഴുതുകയും ചെയ്തു. കണ്ണൂരിൽ നിന്നും ഗോവയിൽ നിന്നും ഇത്തരം കല്ലുകൾ കിട്ടിയിരുന്നു.

ഈ മൂന്ന് കല്ലുകളുടെയും, മണിക്ഫാൻെറ കാലനിർണയം ഇന്ത്യയിലെ ഈ മേഖലയിലെ ഗവേഷകയായ ഡോ.ഷീലാ മണി ത്രിപാഠി ശരിവെയ്ക്കുകയും ചെയ്തിരുന്നെന്ന് അലി മണിക്ഫാൻ പറഞ്ഞു.

കോഴിക്കോടുമായുള്ള ബന്ധം

ഉപ്പ കോഴിക്കോട്ട് ഹജൂർ കച്ചേരിയിലേക്കും ഉപ്പാപ്പ വ്യാപാരത്തിനായി കേരളത്തിലും തമിഴ്നാട്ടിലും മംഗലാപുരത്തേക്കുമായി ചരക്ക് കപ്പലിലും യാത്ര തിരിക്കുമ്പോൾ കുഞ്ഞു മണിക്ഫാനെയും ഒപ്പം കൂട്ടാറുണ്ടായിരുന്നു. അങ്ങനെയാണ് കുട്ടിക്കാലത്ത് പലപ്പോഴും കോഴിക്കോട് ഹജൂർ കച്ചേരിയിലെത്തിയത്. മാനാഞ്ചിറയ്ക്ക് സമീപമുള്ള ഇന്നത്തെ എൽ.ഐ.സി. ഓഫീസ് സമുച്ചയം നിൽക്കുന്നിടത്തായിരുന്നു കച്ചേരി ഓഫീസ്. നഗരത്തിൽ അന്നത്തെ പ്രമുഖ മലഞ്ചരക്ക് വ്യാപാരികളായിരുന്ന കെ.പി. അഹമ്മദ് കോയ, കെ.പി. മമ്മദ് കോയ എന്നിവരുടെ കൊപ്ര പാണ്ട്യാലയിലായിരുന്നു മണിക് ഫാനും ഉപ്പയ്ക്കും ഉപ്പാപ്പയ്ക്കുമൊക്കെ താമസവും ഭക്ഷണവും. ഇദ്ദേഹത്തിൻെറ പിതാവിൻെറ പിതാവ് ദ്വീപ് മണിക്ഫാന് സ്വന്തമായി ചരക്ക് കപ്പൽ ഉണ്ടായിരുന്നു. മൂന്ന് മുതൽ അഞ്ച് വയസ്സുവരെ കാലത്താണ് കടൽതീരത്തും കടലിലെ ലഗൂണിലുമായി കൂടുതൽ സമയവും ചെലവഴിച്ചത്.

പത്താം വയസ്സിൽ കണ്ണൂരിലേക്ക്

''ഇവനെ ഒന്ന് നന്നായി ഇംഗ്ലീഷും കണക്കും പഠിപ്പിച്ചെടുക്കണം.''

ഗുമസ്തനായ ഹസ്സൻ കുഞ്ഞിനോട് പിതാവ് ആവശ്യപ്പെട്ടു. പത്താം വയസ്സിൽ പിതാവിൻെറ ഓഫീസ് ക്ലാർക്കിനൊപ്പം അങ്ങനെ കണ്ണൂരിലേക്ക് സ്കൂൾപഠനത്തിന് പോയി. മൂന്ന് വർഷം അദ്ദേഹത്തിൻെറ വീട്ടിൽ താമസിച്ചു പഠിച്ചു. പിന്നീട് അവിടെനിന്ന് കണ്ണൂർ ഹയർ എലിമെൻററി സ്കൂളിൽ പോയെങ്കിലും പാതിവഴിയിൽ ഏഴാം ക്ലാസ് പഠനമുപേക്ഷിച്ച് ലക്ഷദ്വീപിലേക്ക് മടങ്ങി.

''അപ്പോഴേയ്ക്കും സ്കൂൾ പഠനം മുഷിപ്പനായി മാറി. താൻ ചിന്തിച്ച് കൂട്ടുന്ന കാര്യങ്ങൾ പ്രായോഗികമാക്കാനും സ്വന്തം പരീക്ഷണങ്ങൾക്കും അക്കാലത്ത് ഒട്ടും സമയം ലഭിക്കാറുണ്ടായിരുന്നില്ല...''ഈ കാര്യം പിതാവിനോട് പറഞ്ഞു.

ലക്ഷദ്വീപിലേക്ക് തിരിച്ചുപോരാൻ സമ്മതം തന്നു. പിന്നീട് മിനിക്കോയിലെ ഇംപീരിയൽ ലൈറ്റ് ഓഫിസർമാരായ എൻജിനീയർമാരിൽനിന്ന് ലൈറ്റ് ഹൗസ് സംവിധാനങ്ങൾ, സിഗ്നൽ എന്നിവ പഠിച്ചു. ഓഫിസർമാരെല്ലാം സിലോണിൽ നിന്നുള്ളവരായിരുന്നു. ഇവർക്കൊപ്പം കൂടി വയർലെസ് ഓഫിസർമാരിൽ നിന്ന് കാലാവസ്ഥ സംബന്ധിച്ച കാര്യങ്ങളിൽ അറിവ് നേടി. ഉപഗ്രഹങ്ങളെപ്പറ്റിയും മറ്റും അക്കാലത്ത് പഠിച്ചു. പിന്നീട് കുറച്ച് കാലം മിനിക്കോയിയിൽ സ്കൂൾ അധ്യാപകനായി തുടർന്നു. കോഴിക്കോട്ടെ കുടുംബസുഹൃത്തുക്കളായ വ്യാപാരപ്രമുഖരായിരുന്നു ഈ സ്കൂളിൻെറ നിർമാണത്തിന് പണം ചെലവഴിച്ചത്. പിന്നീട് ഇവിടെ നിന്ന് കൊൽക്കത്തയ്ക്ക് പോയി. അവിടെ കപ്പലിൽ ചേരാൻ വേണ്ടിയുള്ള ഒരുക്കങ്ങളിലായിരുന്നു. ചിക്കൻ പോക്സ് പിടിച്ചതിനെത്തുടർന്ന് തിരിച്ചുപോയി. പിന്നെയും അധ്യാപകനായും ആമീൻെറ ഗുമസ്തനായും ജോലി തുടർന്നു.

വിജ്ഞാനസാഗരം ബഹുഭാഷാപണ്ഡിതൻ

സമുദ്രശാസ്ത്രജ്ഞൻ, ജ്യോതി ശാസ്ത്രജ്ഞൻ, ഭൂമിശാസ്ത്രജ്ഞൻ, സാമൂഹ്യശാസ്ത്രജ്ഞൻ, സാങ്കേതിക വിദഗ്ധൻ, പരിസ്ഥിതി പ്രവർത്തകൻ, കാർഷിക വിദഗ്ധൻ, പ്രകൃതി നിരീക്ഷകൻ, മുസ്ലിം പണ്ഡിതൻ എന്നിങ്ങനെയെല്ലാമാണ് വിശേഷണങ്ങൾ. മലയാളം, സംസ്കൃതം, ഹിന്ദി, തമിഴ്, ലക്ഷദ്വീപിലെ മഹൽ, അറബി, ഉർദു, ഇംഗ്ലീഷ്, ലാറ്റിൻ, ഫ്രഞ്ച്, റഷ്യൻ, ജർമൻ, പേർഷ്യൻ തുടങ്ങി 14 ൽ പരം ഭാഷകൾ അറിയാം.

ദ്വീപിൻെറ പുത്രൻ

1938 മാർച്ച് 16-ന് ബി. മൂസ മണിക്ഫാൻെറയും ഫാത്തിമ മണിക്കയുടെയും മകനായി മിനിക്കോയ് ദ്വീപിലായിരുന്നു ജനനം. പിതാവ് കോടതി ആമീൻ ആയിരുന്നു. പിതാവ് ആമീനായതുകൊണ്ട് അക്കാലത്ത് നല്ല അധികാരവും സ്വാധീനവുമുണ്ടായിരുന്നു. അദ്ദേഹത്തിൻെറ ഗുമസ്തനായ കണ്ണൂർ സ്വദേശി കല്ലിവളപ്പിൽ ഹസ്സൻ കുഞ്ഞിൽനിന്നാണ് കണക്കും ഇംഗ്ലീഷും മലയാളവും കുട്ടിക്കാലത്തേ പഠിച്ചത്.

യെമെൻ രാജാവിൻെറ കൊട്ടാരത്തിലെ കപ്പൽ

പാരമ്പര്യാഗതമായ ഒരു അറബിക്കപ്പൽ ഉണ്ടാക്കാൻ ആരെങ്കിലുമുണ്ടോയെന്ന മറൈൻ ഡയറക്ടർ എസ്. ജോൺസിനോടുള്ള ഐറിഷ് സഞ്ചാരിയായ ടിം സെവറിൻെറ അന്വേഷണം മണിക്ഫാനിലെത്തിപ്പെട്ടു. കപ്പൽ നിർമിക്കാൻ സാധിക്കുമോയെന്ന് മണിക്ഫാനോട് ഡയറക്ടർ ജോൺസ് തിരക്കി. അത് ഏറ്റെടുക്കുകയും ചെയ്തു. അങ്ങനെ അറബികളുടെ പാരമ്പര്യ ചരക്കുകപ്പലായ സോഹറിൻെറ നവീകരിച്ച മാതൃകരൂപകല്പന ചെയ്തു. പെരുമ്പാവൂരിൽ നിന്നാണ് കപ്പലിനുള്ള മരം ഒമാനിലേക്ക് കൊണ്ടുപോയത്. ഒമാനിലാണ് കപ്പൽ നിർമാണം പൂർത്തിയാക്കിയതും. ഇതിന് ലോഹഭാഗങ്ങളൊന്നും ഉപയോഗിച്ചിട്ടില്ല. അയനി മരവും കയറും മാത്രമുപയോഗിച്ച് കൈകൊണ്ട് നിർമിച്ചതായിരുന്നു ഈ കപ്പൽ. ഐറിഷ് സമുദ്ര സാഹസിക സഞ്ചാരിയായ ടിം സെവറിൻ ഒമാനിൽനിന്ന് ചൈനയിലേക്കുള്ള യാത്രയ്ക്ക് ഈ കപ്പൽ ഉപയോഗിച്ചു. ഇത് ഒമാൻ രാജാവിൻെറ കൊട്ടാരത്തിനടുത്ത് ഇപ്പോഴും പ്രദർശനത്തിന് വെച്ചിട്ടുണ്ട്. അക്കാലത്തുതന്നെയാണ് അലി മണിക്ഫാനും സുഹൃത്തും തകരം കൊണ്ടുള്ള പ്രൊപ്പല്ലർ ഘടിപ്പിച്ച ഒരു ബോട്ട് നിർമിച്ചത്. ലൈറ്റ് ഹൗസിലേക്ക് വരുമ്പോൾ കടലിലൂടെ മൂന്നും നാലും കിലോമീറ്റർ ഈ ബോട്ടിലാണ് സുഹൃത്തും മണിക്ഫാനും സഞ്ചരിച്ചിരുന്നത്.